"ഭരണഭാഷ മാതൃഭാഷ"

# കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റി

(കേരള സർക്കാർ സ്ഥാപനം)

റീജിയണൽ മാനേജരുടെ കാര്യാലയം
ജില്ലാ ആശുപത്രി കോമ്പൗണ്ട്,
കൊല്ലം

ഫോൺ : 0474 : 2766080
ഇ-മെയിൽ : rmklm.khrws@gmail.com

സൂചന : ആർ.എം.കെ.എൽ.എം/16/കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്/2026

തീയതി : 24.01.2026

## ക്വട്ടേഷൻ നോട്ടീസ്

## വാഹനം വാടകയ്ക്കു എടുക്കുന്നതിനുള്ള ക്വട്ടേഷൻ പരസ്യം

കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-ന്റെ കൊല്ലം റീജിയണൽ ഓഫീസിലെ ഉപയോഗത്തിനായി 5 സീറ്റിൽ കുറയാതെയുള്ള എയർ കണ്ടീഷൻഡ് കാർ വാടകയ്ക്കു നൽകുന്നതിന് താല്പര്യം ഉള്ളവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. ക്വട്ടേഷൻ 10.02.2026, 3 പിഎം വരെ സ്വീകരിക്കുന്നതാണ്. ഇത് സംബന്ധിച്ച വിശദവിവരങ്ങൾ കൊല്ലം ജില്ലാ ആശുപത്രിയോടനുബന്ധിച്ചുള്ള കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് റീജിയണൽ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

റീജിയണൽ മാനേജർ

"ഭരണഭാഷ മാതൃഭാഷ"

# കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റി

(കേരള സർക്കാർ സ്ഥാപനം)

റീജിയണൽ മാനേജരുടെ കാര്യാലയം
ജില്ലാ ആശുപത്രി കോമ്പൗണ്ട്,
കൊല്ലം

ഫോൺ : 0474 : 2766080
ഇ-മെയിൽ : rmklm.khrws@gmail.com

സൂചന : ..................................

തീയതി : ..................................

## കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് കൊല്ലം റീജിയണൽ ഓഫീസിലേക്കു വാടകയ്ക്കു വാഹനം നൽകുന്നതിനുള്ള ക്വട്ടേഷൻ നിബന്ധനകൾ

1. വാഹനം എപ്പോഴും നല്ല കണ്ടിഷൻ ആയിരിക്കണം.
2. വാഹനം ഓടിക്കുന്ന ഡ്രൈവർ LMV വാഹനം ഓടിച്ചു കുറഞ്ഞത് 5 വർഷത്തെ പരിചയമുണ്ടായിരിക്കണം.
3. വാഹന ഉടമ വാഹനത്തിന്റെ എല്ലാ രേഖകളുടേയും പകർപ്പ് സാക്ഷ്യപ്പെടുത്തി ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് റീജിയണൽ മാനേജർ ആവശ്യപ്പെടുമ്പോൾ വാഹനത്തിന്റെ പ്രഥമ രേഖകൾ ഹാജാരാകേണ്ടത് ആണ്.
4. ഡ്രൈവർക്ക് ലൈസൻസ്, സ്ഥിരമായ മേൽവിലാസം മൊബൈൽ ഫോൺ എന്നിവ ഉണ്ടായിരിക്കണം.
5. കുറഞ്ഞത് 5 സീറ്റുള്ള എ.സി വാഹനമായിരിക്കണം, വാഹനത്തിന്റെ ഇന്ധനം, അറ്റകുറ്റപണികൾ, ഡ്രൈവറുടെ വേതനം എന്നിവ കരാറുകാരൻ വഹിക്കേണ്ടതാണ്.
6. കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് റീജിയണൽ മാനേജർ ആവശ്യപ്പെടുമ്പോൾ എല്ലാം (അവധി ദിവസങ്ങൾ ഉൾപ്പെടെ രാത്രിയും പകലും) വാഹനം ലഭ്യമാക്കേണ്ടതാണ്.
7. ഏതെങ്കിലും കാരണത്താൽ സ്ഥിര വാഹനത്തിനു ഓടാൻ തടസ്സമുണ്ടെങ്കിൽ പകരം വാഹനം ലഭ്യമാക്കേണ്ടത്.
8. തിരഞ്ഞെടുക്കപ്പെടുന്ന വാഹന ഉടമ 200 രൂപ മുദ്ര പത്രത്തിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് -ന്റെ റീജിയണൽ മാനേജരുമായിട്ട് കരാർ ഉടമ്പടി ചമക്കേണ്ടതാണ്.
9. വാഹനങ്ങൾ നൽകുന്നതിൽ രണ്ട് തവണയിൽ കൂടാതെ വീഴ്ച വരുത്തുകയോ ബില്ലിൽ കൃത്രിമം കാണിക്കുകയോ, കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് ജീവനക്കാരോട് ഡ്രൈവർ മോശമായി പെരുമാറുകയോ ചെയ്താൽ യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദ് ചെയ്യുന്നതായിരിക്കും.
10. ഏതെങ്കിലും ദിവസങ്ങളിൽ(അവധി ദിവസങ്ങൾ ഉൾപ്പെടെ)വാഹനം ലഭ്യമാക്കാതെ സാഹചര്യത്തിൽ പകരം വാഹനം കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് എടുക്കുകയാണെകിൽ അതിന്റെ മുഴുവൻ ചിലവും കരാറുകാരൻ വഹിക്കേണ്ടതാണ്.
11. വാഹനത്തിന്റെ വാടക മാസത്തിൽ ഒരിക്കൽ മാത്രം നൽകുന്നതാണ്.
12. വാഹനത്തിന്റെ വാടകയിൽ നിന്നും നിയമാനുസൃതം ടി.ഡി.എസ് കിഴിവ് ചെയ്യുന്നതായിരിക്കും
13. ഓഫീസിൽ നിന്നും ലഭിക്കുന്ന ലോഗ് ബുക്കിൽ ഓരോ യാത്രയുടെയും വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും വാഹനം ഉപയോഗിച്ച വ്യക്തിയുടെ ഒപ്പ് വാങ്ങിക്കേണ്ടതുമാണ്.
14. ഓരോ ദിവസത്തെയും ലോഗ് ബുക്ക് റീജിയണൽ മാനേജരുടെ മേൽ ഒപ്പ് വാങ്ങിക്കേണ്ടതുമാണ്.
15. കരാർ തുടരാനും റദ്ദ് ചെയ്യുവാനുമുള്ള അധികാരം റീജിയണൽ മാനേജരിൽ നിക്ഷിപ്തമായിരിക്കും.

16. പ്രതിമാസം കുറഞ്ഞ ദൂരമായ 1500 കിലോമീറ്ററിനുള്ള രൂപയും അതിനു ശേഷമുള്ള ഓരോ അധിക കിലോമീറ്ററിനും സർക്കാർ നിശ്ചയപ്രകാരം നിരക്ക് അനുവദിക്കാവുന്നതാണ്.

17. കരാറുകാരന് വാഹനം നൽകുവാൻ ഏതെങ്കിലും തടസ്സമുണ്ടെങ്കിൽ ഒരു മാസം മുൻപ് നോട്ടീസ് നൽകേണ്ടതാണ്.

18. ക്വട്ടേഷനോടൊപ്പം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൊല്ലം ബ്രാഞ്ചിൽ മാറാവുന്ന 1500/- രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ്, റീജിയണൽ മാനേജർ, കെ.എച്ച്.ആർ.ഡബ്ല്യു.എസ്, കൊല്ലം എന്ന പേരിൽ നിരത ദ്രവ്യമായി ഉൾപ്പെടുത്തിയിരിക്കണം

19. കരാർ ലഭിക്കുന്ന വ്യക്തി ഒരു മാസം സൂചിപ്പിച്ച തുകയുടെ 5 ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റായി റീജിയണൽ മാനേജരുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൊല്ലം ബ്രാഞ്ചിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്.

20. ക്വട്ടേഷൻ സീൽ ചെയ്ത കവറിൽ ഇനം, തീയതി എന്നിവ രേഖപ്പെടുത്തി റീജിയണൽ മാനേജർ, കെ.എച്ച്.ആർ.ഡബ്ല്യു.എസ് കൊല്ലം എന്ന വിലാസത്തിൽ 10/02/2026 3 മണിവരെ കിട്ടത്തക്ക വിധത്തിൽ നേരിട്ടോ തപാലിലോ എത്തിക്കേണ്ടതാണ്. ക്വട്ടേഷൻ അന്നേ ദിവസം 4 മണിക്ക് ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. നിശ്ചിത സമയം കഴിഞ്ഞു ലഭിക്കുന്ന ക്വട്ടേഷൻ സ്വീകരിക്കുന്നതല്ല.

ക്വട്ടേഷൻ സ്വീകരിക്കുവാനും നിരാകരിക്കുവാനും ഉള്ള അധികാരം കെ.എച്ച്.ആർ.ഡബ്ല്യു.എസ് മാനേജിംഗ് ഡയറക്ടർ-ൽ നിക്ഷിപ്തമാണ്.

റീജിയണൽ മാനേജർ

നോട്ടീസ് പതിക്കുന്ന സ്ഥലങ്ങൾ:

1. ജില്ലാ ആശുപത്രി, കൊല്ലം
2. കെ.എച്ച്.ആർ.ഡബ്ല്യു.എസ്. ഹെഡ് ഓഫീസ്, തിരുവനന്തപുരം
3. കെ.എച്ച്.ആർ.ഡബ്ല്യു.എസ്, ആർ.എം. ഓഫീസ് , കൊല്ലം